ॐ



സ വൈ മന: കൃഷ്ണ പദാരവിന്ദയോർവചാംസി വൈകുണ്ഠഗുണാനുവർണ്ണനേ
കരൌ ഹരേർമ്മന്ദിരമാർജ്ജനാദിഷു ശ്രുതിം ചകരാച്യുതസത്കഥോദയേ (9-4-18)
മുകുന്ദലിംഗാലയദർശനേ ദൃശൌ തദ്ഭൃത്യഗാത്രസ്പർശേƒംഗ സംഗമം
ഘ്രാണം ചതത്പാദസരോജസൌരഭേ ശ്രീമത്തുളസ്യാ രസനാം തദർപ്പിതേ (9-4-19)
പാദൌ ഹരേ: ക്ഷേത്രപദാനുസർപ്പണേ ശിരോ ഋഷീകേശപദാഭിവന്ദനേ
കാമം ച ദാസ്യേ ന തു കാമകാമ്യയാ യഥോത്തമശ്ലോകജനാശ്രയാ രതി: (9-4-20)

*ശുകമുനി തുടർന്നു:*
നാഭാഗൻ നഭഗന്റെ മകനായിരുന്നു. കുട്ടി തന്റെ ഗുരുവിന്റെകൂടെ കുറച്ചേറെക്കാലം കഴിച്ചിട്ട് അച്ഛന്റെ വീട്ടിലേക്ക് മടങ്ങി. കാലക്രമത്തിൽ നാഭഗന്റെ മക്കൾ പാരമ്പര്യസ്വത്തുക്കൾ ഭാഗം വക്കുമ്പോൾ നാഭാഗനായി വയസ്സുചെന്ന സ്വന്തം അച്ഛനെ മാത്രം നൽകി. വൃദ്ധൻ മകനെ സമാധാനിപ്പിച്ചു. “നിന്റെ സഹോദരന്മാരുടെ അനീതിയെക്കുറിച്ചോർത്ത് വ്യാകുലപ്പെടരുത്. കുറച്ചു മഹാത്മാക്കൾ ഒരു യാഗം നടത്തുന്നതിനു മുതിരുകയാണ്. എന്നാലവർക്ക് ചടങ്ങിനെപ്പറ്റി ചില ചിന്താക്കുഴപ്പങ്ങളുണ്ട്. അവരെ രണ്ടുനാലു മന്ത്രങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കുക. തീർച്ചയായും അവർ നിന്നെ സമ്പത്ത് തന്ന് അനുഗ്രഹിക്കും.” മകൻ അച്ഛൻ പറഞ്ഞ പ്രകാരം മഹാത്മാക്കളെ സഹായിച്ചു. യാഗം കഴിഞ്ഞ് സ്വർഗ്ഗാരോഹണം നടത്തിയ മഹാത്മാക്കൾ യാഗസ്ഥലത്ത് നാഭാഗനുള്ള സമ്പത്തു വച്ചിട്ടാണ് പോയത്. എന്നാൽ അതേ സമയം യാഗസ്ഥലത്ത് അതിവിശിഷ്ടമായ ഒരു സത്വം വന്ന് യാഗാവശിഷ്ടം അതിന്റെ അവകാശമാണെന്ന് പറഞ്ഞു. ഈ സത്വം വാസ്തവത്തിൽ രുദ്രഭഗവാനായിരുന്നു. രണ്ടുപേരും വൃദ്ധനായ നാഭഗന്റെ അടുക്കൽ ഒത്തുതീർപ്പിനു ചെന്നു. നാഭാഗനാകട്ടെ യജ്ഞശിഷ്ടം രുദ്രന്റെ അവകാശം തന്നെയാണെന്ന് കൽപ്പിക്കുകയും ചെയ്തു. രുദ്രഭഗവാൻ അച്ഛന്റേയും മകന്റേയും സത്യത്തിലും നീതി ബോധത്തിലും സന്തുഷ്ടനായി. രണ്ടുപേർക്കും ആത്മസാക്ഷാത്കാരം നൽകി. എല്ലാ സമ്പത്തും അവർക്കായി നൽകി.

നാഭാഗന്റെ മകനാണ് അംബരീഷൻ. അദ്ദേഹം കാലക്രമത്തിൽ വിസ്താരമേറിയ സാമ്രാജ്യത്തിനും അളവറ്റ സമ്പത്തിനും അധിപനായി. എന്നാൽ അംബരീഷന് അതുകൊണ്ട് പ്രയോജനമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം ജീവിതത്തെ നീണ്ടൊരു സ്വപ്നമായി കരുതി, സമ്പത്തിനെ സ്വപ്നവസ്തുവായും കണക്കാക്കി. അവയ്ക്ക് നിയതമായ യാതൊരു വിലയുമില്ലെന്നദ്ദേഹം കരുതി. അദ്ദേഹത്തിന്റെ ഹൃദയം നിറയെ ഭഗവൽഭക്തിയായിരുന്നു. ഭഗവാൻ കൃഷ്ണന്റെ പാദങ്ങളിൽ മനം മുഴുകിയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വാക്കുകൾ ഭഗവാന്റെ മഹിമകളെ വാഴ്ത്താനായി ഉപയോഗിച്ചു. കൈകാലുകൾ ഭഗവൽസേവയ്ക്കും ക്ഷേത്ര പാലനത്തിനും ഉതകി. ചെവികൾ ഭഗവൽകഥാശ്രവണം നടത്തി. കണ്ണുകൾ ഭഗവൽരൂപവും ക്ഷേത്രങ്ങളും സദാ കണ്ടു. ഭഗവൽദാസന്മാരുടെ കാൽതൊട്ടു വണങ്ങി അംബരീഷന്റെ ശരീരം പുളകം കൊണ്ടു. ഭഗവൽപ്പൂജ ചെയ്ത തുളസീദലങ്ങൾ മാത്രം അംബരീഷൻ മണത്തു. കാലുകൾ ദിവ്യസ്ഥലങ്ങളെ പ്രദക്ഷിണം വച്ചു. അദ്ദേഹത്തിന്റെ ഏക ആഗ്രഹം ഭഗവൽസേവയും പ്രേമം ഭഗവൽഭക്തന്മാരോടുമായിരുന്നു.

അദ്ദേഹം മാമുനിമാരുടെ വിദഗ്ദ്ധോപദേശം കേട്ട് രാജ്യം ഭരിച്ചു. എല്ലാ കർമ്മങ്ങളും ഭഗവൽപ്പൂജയായി കണക്കാക്കി. എന്നാൽ അദ്ദേഹം ശാസ്ത്രവിധി പ്രകാരം അനേകം യാഗത്യാഗങ്ങളും നടത്തുകയുണ്ടായി. മഹാത്മാക്കൾക്കും, യാഗങ്ങളിൽ പങ്കെടുത്തവർക്കും, ദേവന്മാർക്കും ധാരാളം സമ്മാനങ്ങളും അദ്ദേഹം നൽകി വന്നു. ഭക്തി വർദ്ധിച്ചു വന്നതോടെ ലൗകീകവസ്തുക്കളോടുള്ള അനാസക്തിയും അദ്ദേഹത്തിൽ വളർന്നു. ഭഗവാൻ സ്വയം തന്റെ സുദർശനചക്രം ഈ സൽഭക്തനെ സംരക്ഷിക്കാൻ ഏർപ്പെടുത്തുകയും ചെയ്തു.